LIBRARY ARCHIVES Kerala Legislative Assembly

(10) തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ അടിസ്ഥാനസൗകര്യങ്ങൾ

ശ്രീ. കെ. ബാബു: സർ, തൃപ്പൂണിത്തുറ ഗവണ്മെന്റ് ആയുർവ്വേദ കോളേജ് 1957-ൽ ആരംഭിച്ചതാണ്. ഇവിടെ നിലവിൽ 139 കിടക്കകളാണുള്ളത്. ഇപ്പോൾ കുട്ടികൾക്ക് പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി 12 കോടി രൂപ ചെലവാക്കി 350 കിടക്കകളുള്ള കെട്ടിടം പണി പൂർത്തിയായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ കോളേജിനാവശ്യമായ സ്റ്റാഫിനെ നിയമിക്കേണ്ടതായിട്ടുണ്ട്. ഇവിടെ രോഗികൾക്ക് പാലും റൊട്ടിയും മറ്റ് ആഹാര സാധനങ്ങളും വാങ്ങുന്നതിനായി നാലര ലക്ഷം രൂപയാണ് അലോട്ടുമെന്റുള്ളത്. അതിന് 16 ലക്ഷം രൂപ വേണ്ടിവരും. ഖരമാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടിവരും. പി.ജി. കോഴ്സ് ഇല്ലാത്തതുകൊണ്ട് കേന്ദ്ര ഗവണ്മെന്റിൽനിന്ന് grant-in-aid ഇനത്തിൽ അനുവദിച്ചുകിട്ടുന്ന തുക ഇവിടെ ലഭിക്കുന്നില്ല. അതുകൊണ്ട് പി.ജി. കോഴ്സ് തുടങ്ങാനുള്ള നടപടികൾ ആവശ്യമാണ്. മരുന്നിനായി 5 ലക്ഷം രൂപ ചെലവാക്കി മെഷിനറിയും മറ്റുപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പക്ഷേ, തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ നിന്ന് ഒരു സയിന്റിഫിക് അസിസ്റ്റന്റിന്റെ തസ്തിക തൃപ്പൂണിത്തുറയിലേക്ക് പുനർവിന്യാസം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, ഗവണ്മെന്റ് ആ ഉത്തരവ് ഇതുവരെ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ഈ ഗവണ്മെന്റ് ആയുർവ്വേദ കോളേജിൽ അടിസ്ഥാനസൗകര്യങ്ങളെല്ലാം ഏർപ്പാട് ചെയ്തുകൊണ്ട് പുതിയ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനക്ഷമമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയെ ഇവിടെ കാണുന്നില്ല. അദ്ദേഹം ഇത്രയും നേരം ഇവിടെ ഉണ്ടായിരുന്നു. ഇതു ശരിയായില്ല. ഏതു മന്ത്രി മറുപടി പറഞ്ഞാലും ഗവണ്മെന്റിനുവേണ്ടിയാണ് മറുപടി പറയുന്നത്. ഏതായാലും ശരിയായില്ല.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്തുവകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ):* സർ, തൃപ്പൂണിത്തുറ സർക്കാർ ആയുർവ്വേദ കോളേജാശുപത്രിയിൽ നിലവിലുള്ള 139 കിടക്കകളുടെ സൗകര്യം പുതിയ ആശുപത്രി മന്ദിരത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി 450 കിടക്കകളായി ഉയരുന്ന സാഹചര്യത്തിൽ രോഗികൾക്കുള്ള ആഹാരച്ചെലവ്, ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതവും ഒഴിവാക്കാൻ കഴിയാത്തതുമായ പുതിയ തസ്തികകൾ സൃഷ്ടിക്കൽ, ശുദ്ധജലവിതരണം, വൈദ്യുതി, ആശുപത്രിയിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 35 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 40 ലക്ഷം രൂപയും കൂടി അധികമായി അനുവദിക്കേണ്ടതാണെന്ന് കണക്കാക്കിയിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. മറ്റു

കാര്യങ്ങൾക്കാവശ്യമായിവരുന്ന അധികതുക അനുവദിക്കുന്ന കാര്യത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതാണ്.

(11) ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ മുടപ്പത്തൂർ പാലത്തിന്റെയും പിണറായി പഞ്ചായത്തിലെ മേലൂർകടവ് പാലത്തിന്റെയും പണി

ശ്രീ. പി. ജയരാജൻ: സർ, ചിറ്റാരിപ്പറമ്പ് പഞ്ചായത്തിനെയും മാലൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കൂത്തുപറമ്പ് മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട മുടപ്പത്തൂർ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി ജനങ്ങൾ വളരെയധികം മുറവിളി കൂട്ടിയിരുന്നു. അതേത്തുടർന്ന് 2000-ലെ ബഡ്ജറ്റിൽതന്നെ പണം വകയിരുത്തിയിട്ടുള്ള ഒന്നാണ് മുടപ്പത്തൂർ പാലത്തിന്റെ പ്രൊപ്പോസൽ. അന്ന് 150 ലക്ഷം രൂപയായിരുന്നു അതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത്. പക്ഷേ, പിന്നീട് അത് റിവൈസ് ചെയ്ത് 205 ലക്ഷം രൂപയാക്കി. അതിന്റെ ഡിസൈൻ ഒക്കെത്തന്നെ ഫൈനലൈസ് ചെയ്തിട്ടുണ്ട്. പിണറായി, മാലൂർ, ധർമ്മടം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മേലൂർക്കടവ് പാലത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. 2000-ലെ ബഡ്ജറ്റിൽ പണം വകയിരുത്തിയതാണ്. അന്ന് 95 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത്. പിന്നീട് അതിന്റെ detailed estimate ഇപ്പോൾ സമർപ്പിച്ചത് 267 ലക്ഷം രൂപയുടേതാണ്. ഇതുരണ്ടും നബാർഡ് വായ്പയുടെ സഹായത്തോടുകൂടി നിർമ്മാണം നടത്തണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ, നബാർഡ് വായ്പയ്ക്കുവേണ്ടി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ധനവകുപ്പ് അതിന് തടസ്സം നിൽക്കുന്നതായിട്ടാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. വളരെ വർഷങ്ങളായി കൂത്തുപറമ്പ് മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിലെ ജനങ്ങളുടെ നിരന്തരമായിട്ടുള്ള ആവശ്യമായിരുന്നു, നിരവധി പ്രക്ഷോഭങ്ങൾ നടന്നതാണ്. മുടവത്തൂർ, മേലൂർക്കടവ് പാലങ്ങൾ നബാർഡ് സഹായത്തോടുകൂടി നിർമ്മിക്കുന്നതിന് ധനവകുപ്പ് തടസ്സം നിൽക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ആ തടസ്സം നീക്കിയാൽ മാത്രമേ വായ്പ കിട്ടുകയുള്ളൂ. അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താവുന്നതേയുള്ളൂ. ഇപ്പോൾ ആ പ്രദേശത്തുള്ള approach road-ന്റെ ഭാഗമായിട്ടുള്ള സ്ഥലം, ഉടമകൾ ഫ്രീയായിതന്നെ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. Consent letter തന്നെ കൊടുത്തിട്ടുണ്ട്. അപ്പോൾ അടിയന്തിരമായി ആ രണ്ടു പാലങ്ങളുടെയും നിർമ്മാണം നബാർഡ് സഹായത്തോടുകൂടി ചെയ്യുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ മുടപ്പത്തൂർ പാലത്തിന് 205 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ സാമ്പത്തികസഹായം ലഭിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly